## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആ പോരാട്ടത്തിൽ സാത്താൻ യേശുവിന്റെ കുതികാൽ തകർത്തുവെങ്കിലും യേശു സാത്താന്റെ തല തകർക്കുകയും അവന്റെ അടിമത്വത്തിൽ നിന്ന് മാനവജാതിയെ സ്വതന്ത്രമാക്കുകയും ചെയ്തു. ആ മഹാ സംഭവമാണ് കാൽവറിയിൽ നാം കാണുന്നത്. സാത്താനുമായുള്ള യേശുവിന്റെ പോരാട്ടത്തിന്റെ അന്തിമരംഗമാണ് നാം കാണുന്നത്. സകല ദുഷ്ടശക്തികളും കൂടെ ചേർന്ന് യേശുവിനെ തകർക്കുവാൻ ശ്രമിച്ചു. എന്നാൽ ദൈവത്തിന്റെ പുത്രനായ യേശു കാൽവറിയിൽ വച്ചു സാത്താനെ എന്നേക്കുമായി തോൽപ്പിക്കുകയും ആയുധവർഗ്ഗം വയ്പിച്ച് അവന്റെമേൽ ജയോത്സവം കൊണ്ടാടുകയും ചെയ്തു. അങ്ങനെ സ്വാതന്ത്ര്യത്തിന്റെ കാഹളധ്വനി കാൽവറിയിൽ മുഴങ്ങി, അങ്ങനെ നാം സ്വതന്ത്രരായിത്തീർന്നിരിക്കുന്നു.

കാൽവറിയിലെ യേശുവിന്റെ യാഗം മുഖാന്തരം പാപത്തിൽ നിന്നും സാത്താന്റെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചവർക്കു മാത്രമേ യേശു 'എന്റെ ഇടയൻ' എന്നു പറയുവാൻ കഴിയുകയുള്ളു. അല്ലാത്ത ഉരുവിടൽ ഏററവും ഖേദകരമാണ്. എന്നാൽ പാപമോചനം പ്രാപിച്ചിട്ട് ഇതു പറയുന്നത് ഏററവും ശ്രേഷ്ഠവുമാണ്. 'നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു' എന്നാണ്. യേശു അപ്രകാരം പറയുക മാത്രമല്ല ചെയ്യുന്നത്, അത് അനുഭവത്തിലൂടെ കാണിക്കുകയും ചെയ്തു. ആടുകൾക്കുവേണ്ടി, ആടുകളുടെ രക്ഷയ്ക്കുവേണ്ടി, യേശു തന്റെ ജീവനെ കൊടുത്തു. അതാണ് കാൽവറിയിൽ നാം കാണുന്നത്.

യേശു നല്ല ഇടയൻ, നമുക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുവാൻ ഒരുക്കമുള്ളവനായിരുന്നവൻ, ജീവനെ തന്നെ മറുവിലയായി കൊടുത്തു നമ്മെ വിലയ്ക്കു വാങ്ങിയവൻ, ഇനിയും ഒരിക്കലും നമ്മെ ശത്രുവിന്റെ കൈയിൽ എറിഞ്ഞ്കൊടുത്തിട്ട് ഓടിപ്പോകയില്ല. ആകയാൽ പൂർണ്ണമായും നമുക്ക് അവനെ വിശ്വസിക്കാം, ഇടയനായി അംഗീകരിക്കാം.

തുടരും....